(ഡി) ഭരണഘടനയനുസരിച്ച് ജലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ 'ഒരു സംസ്ഥാന വിഷയം' എന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ട സംഗതികളാണ്. അതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റേതെങ്കിലും സംസ്ഥാനത്തിലേയ്ക്ക് തിരിച്ചുവിടണമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നിയമപരമായ അധികാരം കേരള സർക്കാരിന് തന്നെയാണെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. നദീ സംയോജന പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല. പമ്പ-അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ കേരള നിയമസഭ പ്രമേയവും പാസ്സാക്കിയിട്ടുണ്ട്.

(ഇ) നദീസംയോജനത്തെ പൂർണ്ണമായി എതിർക്കുന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് ദേശീയ ജലവികസന ഏജൻസിയുടെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, ഗവേണിംഗ് ബോഡി, വാർഷിക ജനറൽ ബോഡി എന്നീ വേദികളിൽ വ്യക്തമാക്കിയിട്ടുണ്ട്.

തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് ഇ-പേമെന്റ് സംവിധാനം

27 (*807) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് വിവിധ മേഖലകളിൽ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലിയിൽ കൃത്രിമം നടത്താതിരിക്കുന്നതിന് പ്രസ്തുത സംവിധാനം എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്. വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക്‌വഴി നൽകുന്നതിനുള്ള (ഇ-പേമെന്റ്) വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) തൊഴിലാളികൾക്ക് ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും നിയമം അനുശാസിക്കുന്ന വേതനം ലഭിക്കുന്നുണ്ട് എന്നത് ഉറപ്പുവരുത്തുന്നതിനും ഇ-പേയ്മെന്റ് വഴി സാധ്യമാകും.

(സി) ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ് വരുത്താനും അതാത് സ്ഥാപനത്തിൽ പോകാതെ ഓൺലൈൻമുഖേന തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനും വേതനം കുറവാണെങ്കിൽ, നിയമനടപടികൾ സ്വീകരിക്കാനും ഇതിലൂടെ കഴിയുന്നതാണ്.

(ഡി) തൊഴിൽ വകുപ്പിന്റെ നൂതന ഇ-ഗവേണൻസ് സംരംഭമായ വേതന സുരക്ഷാ പദ്ധതിയുടെ ഭാഗമായി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയിട്ടുള്ള ലേബർ കമ്മീഷണറേറ്റ് ഓട്ടോമേറ്റഡ് സിസ്റ്റം എന്ന ഓൺലൈൻ സംവിധാനത്തിൽ ഇ-പേമെന്റ് ഘടകംകൂടി സംയോജിപ്പിച്ച്, തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലൂടെ വേതനം ലഭ്യമാക്കുന്നതിനും അത് നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പട്ടികജാതിയിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം

28 (*808) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതിയിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള പരിരക്ഷ ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ അപര്യാപ്തതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) അതിക്രമത്തിനിരയാകുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly